# Mathrubhumi

# 23 August 2018

# Venghur, Flood, Flood Relief

## ആവശ്യത്തിനു മതി, ബാക്കി മറ്റുള്ളവർ എടുക്കട്ടെയെന്ന് വേങ്ങൂർ

പ്രളയബാധിതർക്ക് ഒരാഴ്ചത്തേയ്ക്കുള്ളവ നൽകിയ ശേഷം ബാക്കിയായ ഒന്നര ടൺ അരിയുംപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധനങ്ങളും വേങ്ങൂർ പഞ്ചായത്ത് കുന്നത്തുനാട് തഹസിൽദാർക്ക് കൈമാറി.

അവശ്യവസ്തുക്കൾ ലഭിക്കാത്തവരുണ്ടെങ്കിൽ അവർക്ക് ഉപകാരപ്പെടട്ടെ എന്നു കരുതിയാണ് ഇവ തഹസിൽദാർക്ക് കൈമാറുന്നതെന്ന് പ്രസിഡൻറ് എം.എ. ഷാജി പറഞ്ഞു. പഞ്ചായത്തിലുണ്ടായിരുന്ന ആറ് ദുരിതാശ്വാസ ക്യാമ്പുകളും അവസാനിപ്പിച്ചു. എല്ലാവരും വീടുകളിലേക്കു മടങ്ങി.

300 കുടുംബങ്ങൾക്ക് ഒരാഴ്ചത്തേയ്ക്കുള്ള സാധനങ്ങൾ കിറ്റുകളിലാക്കി വിതരണം ചെയ്തു. കൊമ്പനാട് ഗവ. യു.പി. സ്കൂൾ കേന്ദ്രീകരിച്ചായിരുന്നു ദുരിതാശ്വാസത്തിനുള്ള സാധനങ്ങളുടെ സമാഹരണം.

വീടുകളുടെ ശുചീകരണം പൂർത്തിയാക്കിയ ശേഷം വ്യാഴാഴ്ച മുതൽ പഞ്ചായത്തിലെ പ്രളയബാധിത പ്രദേശങ്ങളിൽ സൗജന്യ വൈദ്യപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

വെള്ളം കയറിയ വീടുകളും പരിസരങ്ങളും കിണറും പഞ്ചായത്തിൻെറ നേതൃത്വത്തിലാണ് ശുചീകരിച്ചു നൽകുന്നത്. കുടിവെള്ള വിതരണത്തിനായി രണ്ടു ലോറികൾ ഏർപ്പാടാക്കി. പെരിയാറിൻെറ തീരപ്രദേശങ്ങളായ പാണിയേലി, പാണംകുഴി, ക്രാരിയേലി, കൊച്ചുപുരയ്ക്കൽകടവ് പ്രദേശങ്ങളെയാണ് പ്രളയം കൂടുതൽ ബാധിച്ചത്.



വേങ്ങൂർ പഞ്ചായത്ത് സമാഹരിച്ച നിത്യോപയോഗ സാധനങ്ങൾ തഹസിൽദാർക്ക് കൈമാറാനായി ലോറിയിൽ കയറ്റുന്നു